# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1061** 10/06/2019-ൽ മറുപടിക്ക്

**'കടകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പെൻഷൻ'**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | **എ)** കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 02/08/18-ലെ നം.49/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതെങ്ങനെയാണ് നടപ്പിലാക്കുക എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ; | **ബി)** കുറഞ്ഞത് പത്തു വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന്, സ്ഥിരമായി ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ, 60 വയസ്സ് തികഞ്ഞാലോ അംഗത്തിന്റെ അപേക്ഷ പ്രകാരം പെൻഷൻ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ 1200 രൂപയാണ് പ്രതിമാസ പെൻഷൻ. കൂടാതെ അർഹരായവർക്ക് പെൻഷൻ തുകയുടെ 50% ഫാമിലി പെൻഷൻ അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. 18/05/2015-ലെ സ.ഉ(അച്ചടി)നം.55/2015/തൊഴിൽ പ്രകാരം ഒരംഗത്തിന് അറുപത് വയസ്സ് പൂർത്തിയാകുന്നതുവരെയുള്ള തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശദായം നിധിയിലേക്ക് അടച്ചാൽ അങ്ങനെയുള്ള അംഗത്തിനും പെൻഷൻ നൽകി വരുന്നു. |
| (സി) ഈ പെൻഷൻ സ്കീമിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെടുമെന്ന് അറിയിക്കാമോ; | **സി)** നിലവിൽ 231 പേർക്കാണ് ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകിവരുന്നത്. |

| | |
|---|---|
| (ഡി) പദ്ധതിയുടെ സാമ്പത്തിക വിശദീകരണം നൽകാമോ? | **ഡി)** പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ തൊഴിലാളിയും അംശദായമായി പ്രതിമാസം 20/-രൂപ വീതവും ഓരോ തൊഴിലുടമയും, ഓരോ തൊഴിലാളിക്കും വേണ്ടി പ്രതിമാസം 20/-രൂപ വീതവും അംശദായമായി പദ്ധതിയിലൊടുക്കണം. സ്വയം തൊഴിൽ ചെയ്യുന്നയാൾ ആകെ 40/-രൂപ ഒടുക്കണം. 04/12/2018-ലെ സ.ഉ(കൈ)നം.72/18 തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും മാത്രം പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്തണമെന്നും, പെൻഷനുമായി ബന്ധപ്പെട്ട് യാതൊരു ബാദ്ധ്യതയും സർക്കാർ വഹിക്കുന്നതല്ലയെന്നും, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി 134 കോടി രൂപയുടെ സ്ഥിരനിക്ഷേപം മാറ്റി വെയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ വിതരണത്തിന് വേണ്ടി 134 കോടി രൂപയുടെ സ്ഥിരനിക്ഷേപം തിരുവനന്തപുരം ജില്ല ട്രഷറിയിൽ പെൻഷൻ ഫണ്ടായി മാറ്റി വെച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നുള്ള പലിശ ഉപയോഗിച്ചാണ് ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ വിതരണം ചെയ്തുവരുന്നത്. |

**സെക്ഷൻ ഓഫീസർ**